# തെങ്ങിൽനിന്ന് പ്രതിമാസം 1200 രൂപ വരുമാനം

തിരുവനന്തപുരം: കേരാമൃതം അഥവാ നീര ഉത്പാദിപ്പിച്ചാൽ ഒരു തെങ്ങിൽനിന്ന് പ്രതിമാസം 1200 രൂപയോളം വരുമാനം നേടാമെന്നും കേരാമൃതം ഉത്പാദിപ്പിക്കുന്നതിനും സംസ്കരിക്കുന്നതിനുമുള്ള സാങ്കേതികവിദ്യ കേരള കാർഷിക സർവകലാശാല വികസിപ്പിച്ചെടുത്തതായും കൃഷിമന്ത്രി അറിയിച്ചു.

നിയമസഭാ സാമാജികർക്കായി നിയമസഭാമന്ദിരത്തിലെ ലോഞ്ചിൽ നടത്തിയ അവതരണത്തിൽ കേരള കാർഷിക സർവകലാശാല ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ ഡോ. പി.വി. ബാലചന്ദ്രനും പടന്നക്കാട് കാർഷിക കോളേജ് പ്രൊഫസർ ഡോ. പി.ആർ. സുരേഷും പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണകേന്ദ്രം അസോസിയേറ്റ് ഡയറക്ടർ ഡോ. ബി. ജയപ്രകാശ് നായ്ക്കും നീര ഉത്പാദനത്തിന്റെ സാങ്കേതിക സാമ്പത്തിക വശങ്ങൾ വിശദീകരിച്ചു.

തെങ്ങിൻ പൂക്കുലയിൽനിന്ന് ഉത്പാദിപ്പിക്കുന്ന കള്ള് അഥവാ ആൽക്കഹോളിന്റെ അംശം തീരെ ഇല്ലാത്ത കേരാമൃതത്തിന്, നിലവിൽ വിപണി കൈയടക്കിയിരിക്കുന്ന കാർബണീകരിച്ച പാനീയങ്ങൾക്ക് പകരംവെയ്ക്കാവുന്ന ഒരു ആരോഗ്യ പാനീയമെന്ന നിലയിൽ ശോഭനമായ വിപണന സാധ്യതകൾ ഉണ്ട്. പ്രകൃതിദത്തമായ ഈ പാനീയം അമിനോഅമ്ലങ്ങളുടെയും വിറ്റാമിനുകളുടെയും കാൽസ്യം, ഇരുമ്പ് തുടങ്ങിയ ധാതുക്കളുടെയും കലവറയാണ്. ഫിനോളുകളുടെ സാന്നിധ്യവും കുറഞ്ഞ ഗ്ലൈസീമിക് ഇൻഡക്സും ഉള്ളതുകൊണ്ട് ഒരുപരിധിവരെ ഡയബെറ്റിസ് രോഗികൾക്കും ഉപയോഗിക്കാവുന്നതുമാണ്.

കേരളത്തിലെ 14 കോടി തെങ്ങുകളിൽ 10 ശതമാനത്തിൽ നിന്ന് കേരാമൃതം ഉത്പാദിപ്പിച്ചാൽ പത്ത് ലക്ഷത്തോളം പേർക്ക് തൊഴിലവസരം ലഭിക്കുമെന്ന് കൃഷിവകുപ്പ് സെക്രട്ടറി പറഞ്ഞു. ആയിരം ലിറ്റർ കേരാമൃതം പ്രതിദിനം സംസ്കരിക്കാവുന്ന പത്ത് പൈലറ്റ് പ്ലാൻറുകൾ 50 ശതമാനം സബ്സിഡി നിരക്കിൽ ആരംഭിക്കുമെന്നും സർവകലാശാല അധികൃതർ അറിയിച്ചു.